| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | ഷിനോജ്, സി. നമ്പർ 1614 | 105 | 0 | 105 |
| 4 | മുഹമ്മദ് ഷാഫി, സി. നമ്പർ 1612 | 90 | 45 | 135 |
| 5 | മനോജ് @ കിർമാണി മനോജ് സി. നമ്പർ 1609 | 75 | 45 | 120 |
| 6 | സിജിത്ത് @ അണ്ണൻ സിജിത്ത് സി. നമ്പർ 9328 | 51 | 135 | 186 |
| 7 | റഫീക്ക് സി. നമ്പർ 9330 | 99 | 26 | 125 |
| 8 | കെ.സി. രാമചന്ദ്രൻ സി. നമ്പർ 2490 | 185 | 20 | 205 |
| 9 | ടി. കെ. രജീഷ്, സി. നമ്പർ 705/17 | 90 | 0 | 90 |
| 10 | മനോജ് സി.നമ്പർ 56/18 | 90 | 27 | 117 |
| 11 | പി. കെ. കുഞ്ഞനന്തൻ സി. നമ്പർ 2492 | 135 | 122 | 257 |

(ബി) ജയിൽവാസത്തിനിടെ ശ്രീ. പി. കെ. കുഞ്ഞനന്തൻ (സി.നമ്പർ 2492) ആയുർവ്വേദ ചികിത്സയ്ക്കായി ആശുപത്രിയിൽ കഴിഞ്ഞിട്ടില്ല.

**തെരഞ്ഞെടുപ്പ് വിജയ സ്വീകരണ പരിപാടിക്ക് നേരെ നടന്ന ആക്രമണം**

106 (5054) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പാർലമെന്റ് അംഗം എൻ.കെ. പ്രേമചന്ദ്രന്റെ സ്വീകരണ പരിപാടിക്ക് നേരെ പരവൂർ ഭൂതക്കുളത്ത് മൂന്നിടത്ത് വച്ച് ആക്രമണം ഉണ്ടായിട്ടുണ്ടോ; ഇതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസെടുത്തു; ഏത് രാഷ്ട്രീയ പാർട്ടിയിൽപെട്ടവരാണ് പ്രതികൾ; വിശദവിവരം നല്കുമോ;

(ബി) രാഷ്ട്രീയപ്രേരിതമായ ഇത്തരം അക്രമങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) കൊല്ലം പാർലമെന്റംഗം ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ സ്വീകരണ പരിപാടിക്കുനേരെ പരവൂർ ഭൂതക്കുളം മുക്കട ജംഗ്ഷനിൽവച്ചും കരടിമുക്കിൽ വച്ചും രണ്ട് അക്രമ സംഭവങ്ങളുണ്ടായ കാര്യത്തിന് രണ്ടുകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ നിയമ വ്യവസ്ഥകൾക്കനുസരിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ജസ്ന മരിയയുടെ തിരോധാനം**

107 (5055) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരി ജസ്ന മരിയയുടെ തിരോധാനത്തിന്റെ അന്വേഷണത്തെ സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ഏത് ഏജൻസിയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുമാരി ജസ്ന മരിയയുടെ തിരോധാനവുമായി ബന്ധപ്പെട്ട് വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 2018 നമ്പർ കേസ് 302/CB/KLM & PTA/2018 ആയി റീ നമ്പർ ചെയ്ത് നിലവിൽ പത്തനംതിട്ട ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ശ്രീ. കെ. എച്ച്. മുഹമ്മദ് കബീർ റാവുത്തരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു. ടി കേസിലേയ്ക്ക് നാളിതുവരെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ സ്ഥലങ്ങളിലും ജസ്നയുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെടാൻ സാധ്യതയുള്ളതും ഇതിലേയ്ക്ക് സംശയിക്കപ്പെടുന്നവരുമായ ആളുകളെ കേന്ദ്രീകരിച്ചും പ്രസ്തുത ആൾക്കാരുടെ മൊബൈൽ ഫോൺ വിശദാംശങ്ങളും നവമാധ്യമ വിവരങ്ങളും ഉൾപ്പെടെ പരിശോധനയ്ക്ക് വിധേയമാക്കി അന്വേഷണം നടത്തിയതിൽ കാണാതായ ജസ്നയെ കണ്ടെത്തുന്നതിന് ഉപകാരപ്രദമായ വിവരങ്ങൾ ഒന്നുംതന്നെ നാളിതുവരെ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly